# Current affairs 20 Dec 2025

### അന്താരാഷ്ട്ര മാനവ ഐക്യദാർഢ്യ ദിനം
ഡിസംബർ 20
- ദാരിദ്ര്യ നിർമാർജനം ഉൾപ്പെടെയുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള ഐക്യദാർഢ്യം പ്രോത്സാഹിപ്പിക്കാനാണ് ഈ ദിനാചരണം കൊണ്ട് ലക്ഷ്യമിടുന്നത്.

---

### 2025ൽ ഒമാന്റെ പരമോന്നത സിവിലിയൻ ബഹുമതിയായ 'ഓർഡർ ഓഫ് ഒമാൻ' ലഭിച്ച ഇന്ത്യൻ പ്രധാനമന്ത്രി
നരേന്ദ്ര മോദി

---

### ഇന്ത്യയിലെ ആദ്യത്തെ മ്യൂട്ടന്റ് വാഴയിനം
കാവേരി വാമൻ (ട്രോംബെ ബനാന മ്യൂട്ടന്റ്-9 (TBM-9))
- നാഷണൽ ബനാന റിസർച്ച് സെന്ററുമായി (ICAR) സഹകരിച്ച് ഭാഭാ ആറ്റോമിക് റിസർച്ച് സെന്റർ (BARC) ആണ് 'കാവേരി വാമൻ' എന്ന കുള്ളൻ വാഴയിനം വികസിപ്പിച്ചത്.
- ശക്തമായ കാറ്റിനെ ചെറുക്കാൻ കഴിയുന്ന വാഴയിനമാണ് ഇത്.

---

### 2025ലെ ഫിഫ ഇന്റർകോണ്ടിനെന്റൽ ഫുട്ബോൾ കിരീട ജേതാക്കൾ
പിഎസ്ജി
- ദോഹയിൽ നടന്ന ഫൈനലിൽ ബ്രസീലിയൻ ക്ലബ് ഫ്ലാമൻഗോയെ പെനൽറ്റി ഷൂട്ടൗട്ടിൽ പരാജയപ്പെടുത്തിയാണ് പിഎസ്ജി കിരീടം സ്വന്തമാക്കിയത്.

---

### 2025ലെ സയ്യിദ് മുഷ്താഖ് അലി ട്രോഫി ടി20 കിരീട ജേതാക്കൾ
ജാർഖണ്ഡ്
- ഫൈനലിൽ ഹരിയാനയെ പരാജയപ്പെടുത്തിയാണ് ജാർഖണ്ഡ് കിരീടം സ്വന്തമാക്കിയത്.
- ജാർഖണ്ഡിന്റെ ആദ്യ കിരീട നേട്ടമാണിത്.
- ജാർഖണ്ഡ് ഓൾറൗണ്ടർ അനുകുൽ റോയ് പ്ലെയർ ഓഫ് ദി ടൂർണമെന്റ് പുരസ്കാരം നേടി.






4.8 ★ Download the app now | Learn in Malayalam